# നാളോത്ത്

മൃതശരീരം സംസ്കരിച്ചശേഷം പുരോഹിതൻ മരിച്ചയാളിന്റെ വീട്ടിൽച്ചെന്നു നടത്തുന്ന ഒരു കർമ്മമാണിത്. വീട്ടിൽ പോകാൻ സാധിക്കാത്തപ്പോൾ പള്ളിയിൽവെച്ചുതന്നെ ഇതു നടത്തുന്നു.

ഒരു മേശമേൽ ഒരു പാത്രത്തിൽ കുറെ അരിയോ ജീരകമോ വച്ചിരിക്കണം. കാർമ്മികൻ ആ മേശയുടെ അടുക്കൽചെന്നുനിന്നു പ്രർത്ഥനയാരംഭിക്കുന്നു.

**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** ദുഃഖിതരെ ആശ്വസിപ്പിക്കുന്നവനും, ബലഹീനരെ ശക്തിപ്പെടുത്തുന്നവനുമായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.. നിത്യാനന്ദത്തിലുള്ള പ്രതീക്ഷയോടുകൂടെ മരണം പ്രാപിച്ചിരിക്കുന്ന ഈ സഹോദരന്റെ (സഹോദരിയുടെ) ആത്മാവിനു നിത്യാശ്വാസം പ്രദാനം ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.



**കാർമ്മി:** യോവാറാശിന്റെ പുത്രിയെ ഉയർപ്പിച്ച് അയാളെ ആശ്വസിപ്പിച്ച കർത്താവേ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന അങ്ങയുടെ ഈ ദാസരെയും ആശ്വസിപ്പിക്കണമേ. അവർ നിരാശരാകാതിരിക്കുവാൻ ഉത്ഥാനത്തിന്റെ പ്രതീക്ഷയാൽ അവരെ ധൈര്യപ്പെടുത്തണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, എന്നേയ്ക്കും.

**സമൂ:** ആമ്മേൻ .

## പ്രബോധനഗാനം

(പരുഷന്മാർക്ക്)

(അന്നൊരു ദിവസം)

**കാർമ്മി:** കരുണാനിധിയാം കർത്താവേ, നിൻ
ദാസനു നൽകണമുന്നതമോഹന-
പറുദാസായിൽ വിജയകിരീടം

**സമൂ:** കരുണാനിധിയാം......

**കാർമ്മി:** മാനവരെല്ലാമന്തിമനാളിൽ
നിത്യവിധിക്കായ് വാനിലുയർന്നുപ-
റന്നുവരുമ്പോൾ കനിയണമെന്നിൽ.

**സമൂ:** കരുണാനിധിയാം......

**കാർമ്മി:** വിജയം നേടിയ തനയർക്കെല്ലാം
ജയമുടി നൽകാനംബരവീഥിയിൽ
നീയണയുമ്പോൾ കനിയണമെന്നിൽ.

**സമൂ:** കരുണാനിധിയാം........

## സ്ത്രീകൾക്ക്

(അന്നൊരു ദിവസം)

**കാർമ്മി:** കരുണാനിധിയാം കർത്താവേ, നിൻ
ദാസിക്കേകണമുന്നതമോഹന-
പറുദീസായിൽ വിജയ കിരീടം.

**സമൂ:** കരുണാനിധിയാം........

**കാർമ്മി:** വാനവരെല്ലാമന്തിമനാളിൽ
നിത്യവിധിക്കായ് വാനിലുയർന്നുപ-
റന്നുവരുമ്പോൾ കനിയണമെന്നിൽ.

**സമൂ:** കരുണാനിധിയാം........

**കാർമ്മി:** വിജയം നേടിയ തനയർക്കെല്ലാം
ജയമുടി നൽകാനംബരവീഥിയിൽ
നീയണയുമ്പോൾ കനിയണമെന്നിൽ.

**സമൂ:** കരുണാനിധിയാം........

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം

**കാർമ്മി :** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങു സൃഷ്ടികൾക്കു നൽകിയിരിക്കുന്ന പൊതുനിയമത്തിനു വിധേയനായി ഞങ്ങളിൽനിന്നു പിരിഞ്ഞുപോയിരിക്കുന്ന ഈ സഹോദരന്റെ (സഹോദരിയുടെ) ആത്മാവിനെ സ്വർഗ്ഗരാജ്യത്തിലേക്കു സ്വീകരിക്കണമേ. ജീവിതകാലത്ത് ഈ ആൾ ചെയ്തിട്ടുള്ള കുറ്റങ്ങൾക്കെല്ലാം മാപ്പുകൊടുക്കുകയും, ഈ ആളുടെ ആത്മാവിനെ കഴുകി വിശുദ്ധീകരിക്കുകയും ചെയ്യണമേ. അവസാന വിധിദിവസത്തിൽ ദുഷ്ടന്മാർ നല്ലവരിൽനിന്നു വേർതിരിക്കപ്പെടുകയും ഓരോരുത്തരുടെയും



പ്രവർത്തികൾക്ക് അനുസരണമായ പ്രതിഫലം നൽകപ്പെടുകയും ചെയ്യുമ്പോൾ ഈ ആളിനോട് അനുകമ്പ തോന്നണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കാരുണ്യവാനായ ദൈവമേ, സങ്കീർത്തനങ്ങളും പ്രാർത്ഥനാഗീതങ്ങളും ആലപിച്ചുകൊണ്ട് ഈ സംസ്കാര കർമ്മങ്ങളിൽ സംബന്ധിച്ച വൈദികരെയും മറ്റു വിശ്വാസികളെയും അനുഗ്രഹിക്കണമേ. മരിച്ചയാളിന്റെ കുടുംബാംഗങ്ങളെയും ബന്ധുമിത്രങ്ങളെയും ആശ്വസിപ്പിക്കണമേ. അങ്ങയുടെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഫലങ്ങൾ അവർ അനുഭവിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കേണമേ.

## സമാപന പ്രാർത്ഥന

**കാർമ്മി:** കുരിശുമരണം വഴിയായി മരണത്തെ കീഴടക്കുകയും, മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരം നേടി അവരെ സ്വർഗ്ഗത്തിന് അവകാശികളാക്കുകയും ചെയ്ത മിശിഹാ നമ്മെ സംരക്ഷിക്കട്ടെ. പാപത്തിനു മരിച്ചവരായി സ്വർഗ്ഗത്തെ ലക്ഷ്യമാക്കികൊണ്ടു ജീവിക്കുവാൻ അവിടുന്നു നമ്മെ സഹായിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

എല്ലാവരും കൈക്കസ്തൂരി വാങ്ങിയശേഷം അരിമണി (ജീരകം) എടുക്കുന്നു.

---